# ദേശീയ ചുഴലിക്കാറ്റ് ദുരന്ത ലഘൂകരണ പദ്ധതി

## സംസ്ഥാന പ്രോജക്ട് മാനേജരുടെ നടപടിക്രമം

**(ഹാജർ. ശ്രീമതി അനുപമ ടി വി ഐ.എ.എസ്)**

**വിഷയം:** അഭയകേന്ദ്ര പരിപാലന കമ്മറ്റി **പാലപ്പെട്ടി (മലപ്പുറം)** യുടെ ജോയിന്റ് TSB അക്കൗണ്ട് നമ്പർ **799010100346923** -ലേക്ക് സഞ്ചിത നിധി കൈമാറി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**NCRMP/SPIU/47-10/2020 (2)** തീയതി : **19/07/2022**

**പരാമർശം :** 1) സംസ്ഥാന പ്രോജക്ട് മാനേജരുടെ 16/05/2022 തീയതിയിലെ NCRMP/SPIU/47-10/2020 നമ്പർ ഉത്തരവ്

2) സംസ്ഥാന പ്രോജക്ട് മാനേജരുടെ 16/05/2022 തീയതിയിലെ നിർദേശം (NF: ഖണ്ഡിക 84)

3) അഭയകേന്ദ്ര കമ്മറ്റി പാലപ്പെട്ടിയുടെ 07/06/2022 തീയതിയിലെ കത്ത്

4) 01/10/2020 തീയതിയിലെ GO(M.S) No: 27/2020/DMD നമ്പർ സർക്കാർ ഉത്തരവ്

**ഉത്തരവ്**

അഭയകേന്ദ്ര പരിപാലന കമ്മറ്റികളുടെ പേരിൽ തുടങ്ങിയിട്ടുള്ള ജോയിന്റ് TSB അക്കൗണ്ട് വിവരങ്ങൾ അതാത് അഭയകേന്ദ്ര പരിപാലന കമ്മറ്റികൾ സംസ്ഥാന പദ്ധതി നിർവഹണ യൂണിറ്റിനെ അറിയിക്കുന്ന മുറയ്ക്ക് സഞ്ചിത നിധി കൈമാറുവാൻ പരാമർശം 1 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മേൽ പരാമർശം 3 പ്രകാരം അഭയകേന്ദ്ര പരിപാലന കമ്മറ്റിയുടെ ജോയിന്റ് TSB അക്കൗണ്ട് വിവരങ്ങൾ സംസ്ഥാന പദ്ധതി നിർവഹണ യൂണിറ്റിന് പാലപ്പെട്ടി അഭയകേന്ദ്ര പരിപാലന കമ്മറ്റിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ (സെക്രട്ടറി, പെരുമ്പടപ്പ്, ഗ്രാമപഞ്ചായത്ത്) സമർപ്പിച്ചിട്ടുണ്ട്. ആയതിനാൽ മേൽ പരാമർശം 3 പ്രകാരം സമർപ്പിക്കപ്പെട്ട പാലപ്പെട്ടി അഭയകേന്ദ്ര പരിപാലന കമ്മറ്റിയുടെ **799010100346923** നമ്പർ അക്കൗണ്ടിലേക്ക് സംസ്ഥാന പ്രോജക്ട് മാനേജരുടെ പേരിലുള്ള **701011400000117** നമ്പർ അക്കൗണ്ടിൽ നിന്ന് ചെക്ക് മുഖാന്തിരം മേൽ പരാമർശങ്ങൾ 1,2 പ്രകാരം **₹18,82,353/- (പതിനെട്ട് ലക്ഷത്തി എൺപത്തി രണ്ടായിരത്തി മുന്നൂറ്റി അൻപത്തി മൂന്ന് രൂപ മാത്രം)** കൈമാറി ഇതിനാൽ ഉത്തരവാകുന്നു.

**തുക വിവരങ്ങൾ:**

| | | | |
|---|---|---|---|
| സർക്കാർ 17 അഭയകേന്ദ്ര കമ്മറ്റികൾക്കുമായി അനുവദിച്ചിട്ടുള്ള തുക | | | ₹ 3,20,00000/- |
| ഓരോ അഭയകേന്ദ്ര കമ്മറ്റികൾക്കും നൽകേണ്ട തുക | | 3,20,00,000 / 17 | ₹18,82,352.94/- ≈ ₹18,82,353/- |
| അഭയകേന്ദ്ര പരിപാലന കമ്മറ്റികൾക്ക് (4 എണ്ണം) കൈമാറി നൽകിയ തുക | | ₹18,82,353 x 4 | ₹75,29,412/- |
| അഭയകേന്ദ്ര പരിപാലന കമ്മറ്റികൾക്ക് (4 എണ്ണം) സഞ്ചിത നിധിയായി ₹18,82,353/- കൈമാറി നൽകിയ ശേഷം 701011400000117 നമ്പർ STSB അക്കൗണ്ടിൽ അവശേഷിക്കുന്ന സഞ്ചിത നിധി തുക | | ₹ 3,20,00000 - ₹75,29,412 | ₹ 2,44,70,588/- |
| പാലപ്പെട്ടി അഭയകേന്ദ്ര പരിപാലന കമ്മറ്റിയ്ക്ക് നൽകേണ്ട സഞ്ചിത നിധി | | | **₹18,82,353** |
| അഭയകേന്ദ്ര പരിപാലന കമ്മറ്റികൾക്ക് (5 എണ്ണം) സഞ്ചിത നിധിയായി ₹18,82,353/- കൈമാറി നൽകിയ ശേഷം 701011400000117 നമ്പർ STSB അക്കൗണ്ടിൽ അവശേഷിക്കുന്ന | സഞ്ചിത നിധി | ₹ 2,44,70,588- ₹18,82,353 | ₹ 2,25,88,235/- |
| | ആകെ തുക | ₹ 3,20,00100- ₹ 94,11,765 | ₹ 2,25,88,335/- |

ഈ ഉത്തരവ് പ്രകാരം പാലപ്പെട്ടി (മലപ്പുറം) അഭയകേന്ദ്ര പരിപാലന കമ്മറ്റിയ്ക്ക് കൈമാറി ലഭിയ്ക്കുന്ന സഞ്ചിത നിധി, 5 വർഷത്തേയ്ക്ക് ലോക്ക്-ഇൻ-സിസ്റ്റം ഉള്ള സ്ഥിര നിക്ഷേപം (Fixed Deposit) ആയി ജോയിന്റ് TSB അക്കൗണ്ട് നമ്പർ: **79901010346923**- അക്കൗണ്ടിൽ സൂക്ഷിക്കേണ്ടതും, സഞ്ചിത നിധി ടി അക്കൗണ്ടിൽ ലഭ്യമായി രണ്ടാഴ്ചയ്ക്കകം ഫിക്സഡ് ഡെപ്പോസിറ്റ് ചെയ്ത്, വിവരങ്ങൾ സംസ്ഥാന പദ്ധതി നിർവഹണ യൂണിറ്റിനെ അറിയിക്കേണ്ടതുമാണ്.

തുടർന്നുള്ള നടപടി ക്രമങ്ങളിലും സഞ്ചിത നിധി പരിപാലനത്തിലും 16/05/2022 തീയതിയിലെ NCRMP/SPIU/47-10/2020 നമ്പർ ഉത്തരവ്, ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, അഭയകേന്ദ്ര പരിപാലന കമ്മറ്റി മാർഗനിർദേശങ്ങൾ എന്നിവ കർശനമായി പാലിയ്ക്കേണ്ടതാണെന്നും ഇതിനാൽ ഉത്തരവാകുന്നു.

അനുപമ ടി വി ഐഎഎസ്
സംസ്ഥാന പ്രോജക്ട് മാനേജർ
എൻ.സി.ആർ.എം.പി- എസ്.പി.ഐ.യു
(കേരളം)

**പകർപ്പ്:**

(1) എല്ലാ അഭയകേന്ദ്ര പരിപാലന കമ്മറ്റി ചെയർപേഴ്സൺമാർ
(2) ഡെപ്യൂട്ടി കളക്ടർ (ഡി.എം) മലപ്പുറം
(3) ലോക്കൽ കമ്മ്യൂണിറ്റി മൊബിലൈസർ (മലപ്പുറം)
(4) ഫിനാൻസ് മാനേജർ
(5) പ്രൊക്യൂർമെൻറ് സ്പെഷ്യലിസ്റ്റ്
(6) സ്റ്റേറ്റ് കമ്മ്യൂണിറ്റി മൊബിലൈസർ
(6) അക്കൗണ്ടന്റ്സ് (ACC1 & ACC 2)
(7) ഓഫീസ് അസിസ്റ്റന്റ്സ് (OA1, OA2, OA3)